(2) എരുമേലിയിൽ എത്തുന്ന അയ്യപ്പകേ്തൻമാർ അനുഭവിക്കുന്നതായ ബുദ്ധിമുട്ടുകൾ

ശ്രീ. തോമസ് കല്ലംപള്ളി: എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട എരുമേലി സർവ്വമതസൗഹാർദ്ദത്തിന്റെയും മൈത്രിയുടെയും കേളീരംഗമാണ് എന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ മതവിഭാഗങ്ങളിലുംപെട്ട തീർത്ഥാടകർ എത്തുന്ന ഒരു സ്ഥലമാണ് എരുമേലി. അവിടെയെത്തുന്ന ഹൈന്ദവ തീർത്ഥാടകർ അമ്പലങ്ങളിൽ തൊഴുതുനിറങ്ങിയശേഷം മുസ്ലീം ദേവാലയങ്ങളിൽ കയറി ആരാധന നടത്തുകയും നേർച്ചക്കാഴ്ചകൾ വയ്ക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള ഏക സ്ഥലമായിരിക്കാം എരുമേലി എന്നാണ് എന്റെ വിശ്വാസം. മുൻകാലങ്ങളിൽ ധനുമാസത്തിന്റെ അവസാനംമാത്രം തീർത്ഥാടകർ എത്തിയിരുന്നുവെങ്കിൽ ഇന്ന് ആണ്ടുവട്ടം എല്ലാ ദിവസവുമെന്നോണം തീർത്ഥാടകർ എത്തുന്ന ഒരു സ്ഥലമായി ഇതു മാറിയിരിക്കുകയാണ്. ധനുമാസമാകുമ്പോൾ എരുമേലിയിലേക്ക് ഓരോ കൈവഴികളിലൂടെയും 'സ്വാമിയേ ശരണമയ്യപ്പാ' എന്ന ശരണംവിളികളുമായി കേരളത്തിൽ നിന്നും മാത്രമല്ല, തമിഴ്നാട്ടിൽ നിന്നും, ആന്ധ്രയിൽ നിന്നും കർണ്ണാടകത്തിൽ നിന്നും എല്ലാം നിരന്തരം കേ്തൻമാർ എത്തുന്ന തിരക്കാണവിടെ. അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി മഹാരാഷ്ട്ര, മദ്ധ്യപ്രദേശ് എന്നിവിടങ്ങളിൽ നിന്നും മാത്രമല്ല, വെസ്റ്റ് ബംഗാളിൽ നിന്നും തീർത്ഥാടകർ എത്തിക്കൊണ്ടിരിക്കുന്നു. എരുമേലി പേട്ടതുള്ളലിന്റെ അവസാനഘട്ടത്തിൽ ആലങ്ങാട് സെന്ററിന്റെ പേട്ടതുള്ളൽ നടന്നുകൊണ്ടിരിക്കുന്ന സമയത്ത്, നട്ടുച്ചയ്ക്ക് പ്രത്യേകം മണിക്ക് പരുന്ത് ആകാശത്ത് വട്ടമിട്ടു പറക്കുകയും നക്ഷത്രം തെളിയുകയും ചെയ്യുന്നതു കാണാവുന്ന സത്യമാണ്. അതു കാണാൻ അടുത്ത പേട്ടതുള്ളലിനു ഈ സഭയിലെ എല്ലാ അംഗങ്ങളും വരണമെന്ന് ഞാൻ ക്ഷണിക്കുകയാണ്. കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് 25 ലക്ഷത്തിലധികം തീർത്ഥാടകർ എരുമേലിയിൽ എത്തിയിട്ടുണ്ട്. തീർത്ഥാടകർക്ക് വേണ്ട പ്രാഥമികാവശ്യങ്ങൾ നടത്തുന്നതിനുപോലും ഈ ഗവൺമെന്റ് കാര്യമായ സൗകര്യം ചെയ്തുകൊടുത്തിട്ടില്ല.

അവിടെ എത്തുന്ന ശബരിമല കേ്തൻമാർക്ക് വേണ്ട യാത്രാസൗകര്യത്തെക്കുറിച്ചാണ് എനിക്ക് അടുത്തതായി പറയുവാനുള്ളത്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുവേണ്ടി ഒരു ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. എന്നാൽ അവിടെ ഒരു ബസ് സ്റ്റേഷനോ ഒരു ഓപ്പറേറ്റിംഗ് സെന്ററോ പോലും തുടങ്ങാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ശബരിമല കേ്തൻമാർ അനുഭവിക്കുന്ന യാത്രാക്ലേശം വളരെ അധികമാണ്. എരുമേലിയിൽ ജനങ്ങൾ കെട്ടിടം പണിയുകയില്ല. കാരണം സീസണായാൽ ആ മൂന്നോ നാലോ മാസത്തേക്ക് സ്ഥലം ലേലം ചെയ്തു കൊടുത്താൽ ഒരു ചതുരശ്ര അടി സ്ഥലത്തിന് നാനൂറും അഞ്ഞൂറും രൂപവച്ച് കിട്ടും. എരുമേലി ടൗണിന്റെ ഹൃദയഭാഗത്തുള്ള സ്ഥലം മുഴുവൻ ദേവസ്വം ബോർഡിന്റെ കയ്യിലാണ്. ദേവസ്വം ബോർഡ് അവിടെ ഒരു മൂത്രപ്പുര കെട്ടുവാൻപോലുമുള്ള അനുവാദം തരുകയില്ല എന്ന നിലപാടാണ് എടുത്തിട്ടുള്ളത്. അവിടെ മലമൂത്രവിസർജ്ജനത്തിനാവശ്യമായ സൗകര്യമുണ്ടാക്കണം. ശുദ്ധജലവിതരണം മാത്രം ഒരുവിധം ഭംഗിയായി നടത്താൻ കഴിയുന്നുണ്ട്. ചികിൽസയുടെ കാര്യം പറഞ്ഞാൽ അവിടെ ഒരു പ്രൈമറി ഹെൽത്ത് സെന്റർ ഉണ്ടെങ്കിലും കാര്യമായ സൗകര്യങ്ങളില്ല. നാടിന്റെ നാനാഭാഗത്തുനിന്നും എത്തുന്ന അയ്യപ്പകേ്തൻമാർക്ക് ആവശ്യമായ ശുശ്രൂഷാസൗകര്യം ഇപ്പോഴും ഇല്ല. അതുപോലെതന്നെ 1978-ൽ കേന്ദ്രഗവൺമെന്റ്, എരുമേലിയിൽ എത്തുന്ന തീർത്ഥാടകർക്ക്

LIBRARY ARCHIVES Kerala Legislative Assembly

എരുമേലിയിൽ നിന്നും നേരെ ശബരിമലയ്ക്ക് പോകുന്നതിനുള്ള സൗകര്യത്തിനുവേണ്ടി എരുമേലി–ചാലക്കയം റോഡ് അനുവദിക്കുകയുണ്ടായി. അതിനുവേണ്ടി 80 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഇന്ന് എരുമേലിയിൽ എത്തുന്ന തീർത്ഥാടകർ ഏതാണ്ട് 70 കിലോമീറ്ററോളം ചുറ്റിക്കറങ്ങി റാന്നിവഴി ചാലക്കയത്ത് എത്തി അവിടെനിന്നും ശബരിമലയ്ക്ക് പോകുകയാണ് ചെയ്യുന്നത്. അത് ചെലവ് കൂടുതൽ ഉണ്ടാക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് എരുമേലി–ചാലക്കയം റോഡ് വേഗം പണി ആരംഭിച്ചു പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം. ലക്ഷക്കണക്കിനു തീർത്ഥാടകർക്ക് വേണ്ട സൗകര്യങ്ങളും ചെയ്തു കൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ശബരിമലയിലും സന്നിധാനത്തിലും എത്തുന്ന അയ്യപ്പഭക്തൻമാർക്ക് പല പ്രയാസങ്ങളും അനുഭവിക്കേണ്ടതായി വരുന്നുണ്ട്. ശബരിമലയെ സംബന്ധിച്ചിടത്തോളം വർഷംതോറും അഭൂതപൂർവ്വമായ വർദ്ധനവാണ് അയ്യപ്പഭക്തൻമാരുടെ കാര്യത്തിൽ അനുഭവപ്പെടുന്നത്. എന്തെല്ലാം സൗകര്യങ്ങളുണ്ടാക്കിയാലും ആ സൗകര്യങ്ങളും മതിയാകാതെ വരുന്നതുകൊണ്ട് കൂടുതൽ സൗകര്യങ്ങളുണ്ടാക്കുന്നതിനു ഗവൺമെന്റ് ശ്രദ്ധിച്ചുവരുന്നു. സാധാരണയായി, ആരോഗ്യപരിപാലനം, ശുദ്ധജല വിതരണം, വാഹനസൗകര്യം, നിയമസമാധാനം എന്നീ രംഗങ്ങളിലാണ് ഗവൺമെന്റ് ശ്രദ്ധചെലുത്തിവരുന്നത്. റവന്യൂബോർഡ് മെമ്പറുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ ചീഫ് കോ-ഓർഡിനേറ്ററായി നിയമിച്ച് അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് ഈ വക കാര്യങ്ങളും നടത്തിവരുന്നത്. അതുകൊണ്ട് മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കപ്പെടും എന്ന് ഗവൺമെന്റിനു അഭിപ്രായമില്ല. വർദ്ധിച്ചുവരുന്ന ജനത്തിരക്കുകൊണ്ട്, പ്രത്യേകിച്ച് മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന തീർത്ഥാടകരെ സംബന്ധിച്ചിടത്തോളം അവർക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതേ സംബന്ധിച്ച് പഠിക്കുന്നതിനും ഇതിനുവേണ്ടി എന്തെല്ലാം ചെയ്യാൻ കഴിയും എന്നു പരിശോധിക്കാനും കഴിഞ്ഞ ജനുവരി മാസത്തിൽ ഗവൺമെന്റ് ഒരു ഉന്നതാധികാര കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റിയിൽ ശ്രീ. മഹാബലറാവു, കമ്മിഷണർ, ആൻറ് സെക്രട്ടറി, ലേബർ ഡിപ്പാർട്ടുമെന്റ് ചെയർമാൻ ആൻറ് കമ്മിഷണറായും ശ്രീ. പി. വി. മധുസൂദനൻ, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ശ്രീ. ആർ. രാമചന്ദ്രൻ, ചീഫ് എഞ്ചിനീയർ (ജനറൽ), പി. ഡബ്ല്യു. ഡി. (now retired) എന്നിവരെ അംഗങ്ങളായും നിയമിച്ചു. അവർ ഈ കാര്യങ്ങളെ സംബന്ധിച്ച് പഠിച്ച് മൂന്നു മാസത്തിനകം റിപ്പോർട്ട് തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞിട്ടില്ല. റിപ്പോർട്ട് കിട്ടിയാൽ അതിലുള്ള നിർദ്ദേശങ്ങളും പരിശോധിച്ച് തക്കതായ നടപടികളും ആവശ്യമായ തലങ്ങളിൽ സ്വീകരിക്കുന്നതാണ്.

ശ്രീ. തോമസ് കല്ലംപള്ളി : എരുമേലിയിൽ എത്തുന്ന വാഹനങ്ങൾ പാർക്ക് ചെയ്യാൻ അവിടത്തെ ദേവസ്വം ബോർഡ് സ്കൂളിന്റെ പി. ടി. എ. നിർമ്മിച്ചുകൊടുത്ത ഒരു വലിയ മൈതാനമുണ്ട്. ആ മൈതാനം ഓരോ വർഷവും ദേവസ്വം ബോർഡ് ലേലം വിളിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. ലേലം പിടിക്കുന്ന ആൾ തീവെട്ടിക്കൊള്ളയാണ് അവിടെ നടത്തുന്നത്. ഒരു വണ്ടി ഒരു മണിക്കൂർ അവിടെ ഇടുന്നതിന് അൻപതു രൂപവരെ മേടിക്കുന്നു. പോലീസിന്റെ സഹായത്തോടെയാണ് ഈ കൊള്ള നടത്തുന്നത്. ഇത് അവസാനിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എം. പി. ഗംഗാധരൻ : അത് ദേവസ്വം ബോർഡുമായി ചർച്ച ചെയ്യേണ്ട കാര്യമാണ്. ഗവൺമെന്റിനു ഒന്നും ചെയ്യാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly